ലേഖനം

# ഖുർആനിലെ 'യഖീൻ'

നൗഷാദ് ചേനപ്പാടി

**ദൃഢബോധ്യം,** ഉറപ്പായ അറിവ് എന്നീ അർഥങ്ങളിലാണ് 'യഖീൻ' എന്ന് പ്രയോഗിക്കുക. മരണത്തെക്കുറിച്ച് 'യഖീൻ' എന്നു ഖുർആനിൽ വന്നിട്ടുണ്ട്. "നിനക്ക് യഖീൻ വന്നെത്തുന്നതുവരെ നിന്റെ റബ്ബിന് നീ ഇബാദത്തു ചെയ്യുക" (*അൽ ഹിജ്ർ* 99). മരണം ആർക്കും ഒരു സംശയവുമില്ലാത്ത ഉറപ്പായ യാഥാർഥ്യമാണല്ലോ. വിശ്വാസത്തെക്കുറിച്ച് ഈമാൻ എന്നാണ് ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. ഈമാനുള്ളവരെല്ലാം യഖീനുള്ളവരായിക്കൊള്ളണമെന്നില്ല. യഖീനുള്ളവർ വിശ്വാസികളായിക്കൊള്ളണമെന്നുമില്ല. ഫിർഔനെയും അനുയായികളെയും കുറിച്ച് ഖുർആൻ പറയുന്നു.

"അല്ലാഹു അവർക്കു നൽകിയ ദൃഷ്ടാന്തങ്ങൾ യാഥാർഥ്യങ്ങളായിരുന്നുവെന്നും ആഭിചാരമായിരുന്നില്ലെന്നും അവർക്ക് ദൃഢബോധ്യമുണ്ടായിരുന്നു. എന്നിട്ടും അതിൽ വിശ്വസിക്കാതെ അക്രമത്താലും അഹങ്കാരത്താലും അവരതിനെ നിഷേധിച്ചു തള്ളുകയായിരുന്നു" (*അന്നംല്* 13).

അന്ത്യദിനത്തിലെ വിചാരണ വേളയിൽ സത്യനിഷേധികളോടുള്ള ചോദ്യവും മറുപടിയും ഖുർആൻ രേഖപ്പെടുത്തുന്നു:

"തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്, അന്ത്യദിനമാകട്ടെ അതിന്റെ കാര്യത്തിൽ ഒരു സംശയവുമില്ല എന്നു പറയപ്പെട്ടാൽ നിങ്ങൾ പറയും: അന്ത്യദിനമെന്താണെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾക്ക് ഒരുതരം ഊഹം മാത്രമാണുള്ളത്. ഞങ്ങൾക്ക് അതിലൊരുറപ്പുമില്ല" (*അൽജാസിയ* 32).

ഈ സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് മൗലാനാ മൗദൂദി എഴുതുന്നു: "പരലോകത്തെ ഖണ്ഡിതമായി നിഷേധിക്കുന്നവരാണ് ഇതിനുമുമ്പ് 24-ാം സൂക്തത്തിൽ പരാമർശിക്കപ്പെട്ടത്. പരലോകത്തിന്റെ സാധ്യതയെ നിഷേധിക്കുന്നില്ലെങ്കിലും അതിൽ ഉറപ്പില്ലാത്തവരെക്കുറിച്ചാണിവിടെ പറയുന്നത്. പ്രത്യക്ഷത്തിൽ ഈ രണ്ടു വിഭാഗവും തമ്മിൽ വലുതായ അന്തരമുണ്ട്. ഒരുകൂട്ടർ വ്യക്തമായി നിഷേധിക്കുന്നവരാണ്. മറ്റേ കൂട്ടർ അതിന്റെ സാധ്യതയെ ഒരു ഊഹമായി കാണുന്നു. പക്ഷേ, അനന്തരഫലത്തിലും പരിണതിയിലും രണ്ടു വിഭാഗവും തമ്മിൽ യാതൊരന്തരവുമില്ല. അതിനാൽ പരലോക നിഷേധത്തിന്റെയും അതിൽ ബോധ്യമില്ലാതിരിക്കുന്നതിന്റെയും ധാർമിക ഫലങ്ങൾ ഒന്നു തന്നെയാകുന്നു. പരലോകത്തെ അംഗീകരിക്കാത്തവനും അതിനെക്കുറിച്ച് ഉറപ്പില്ലാത്തവനും രണ്ടുപേരും അല്ലാഹുവിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടി വരും എന്ന ബോധത്തിൽനിന്ന് ഒരുപോലെ മുക്തരാകുന്നു. ഈ ബോധമില്ലായ്മ അവരെ വിചാരപരവും കർമപരവുമായ മാർഗച്യുതിയിലകപ്പെടുത്തുക അനിവാര്യമാകുന്നു. പരലോക ബോധ്യത്തിനു മാത്രമേ ഈ ലോകത്ത് മനുഷ്യന്റെ നിലപാടിനെ നേരെയാക്കാൻ കഴിയൂ. അതില്ലെങ്കിൽ സന്ദേഹവും നിഷേധവും രണ്ടും ഒരേവിധം അവനെ നിരുത്തരവാദ സ്വഭാവത്തിലേക്ക് തള്ളിവിടുന്നു. ഈ നിരുത്തരവാദ സ്വഭാവമാണ് ദുർഭഗമായ പാരത്രിക പരിണതിയുടെ യഥാർഥ കാരണം. അതുകൊണ്ട് നിഷേധക്കാരനും നരകത്തിൽനിന്ന് രക്ഷപ്പെടാനാവില്ല, ഉറപ്പില്ലാത്തവനും രക്ഷപ്പെടാനാവില്ല."

ഇക്കാരണം കൊണ്ടുതന്നെയാണ് പരലോക വിശ്വാസം ദൃഢബോധ്യ(യ

**ഇന്നു നാം സാധാരണ വിശ്വാസക്രമത്തിന് ഉപയോഗിക്കുന്ന 'അഖീദ' എന്ന പദം ഖുർആൻ പ്രയോഗിച്ചിട്ടില്ല. പകരം 'യഖീൻ' അതിന്റെ വിവിധ രൂപങ്ങളിൽ 28 തവണ വരികയും ചെയ്തിട്ടുണ്ട്. അഖീദയും ഖുർആൻ പറയുന്ന യഖീനും തമ്മിൽ വലിയ അന്തരമുണ്ട്.**

ഖീൻ)ത്തിന്റെ അടിസ്ഥാനത്തിലുള്ളതാവണമെന്ന് അല്ലാഹു ഉണർത്തുന്നത്. *അൽബഖറ* അധ്യായത്തിൽ സത്യവിശ്വാസികളുടെ സവിശേഷ ഗുണമായി എടുത്തു പറയുന്നത്, അദൃശ്യ യാഥാർഥ്യങ്ങളിൽ(ഗൈബ്) വിശ്വസിക്കുന്നവർ എന്നാണ്. പരലോക വിശ്വാസമടക്കമുള്ള വിശ്വാസകാര്യങ്ങൾ ഗൈബിൽ ഉൾപ്പെടുമല്ലോ. എന്നിട്ടും തൊട്ടുടനെ പരലോകത്തിൽ ദൃഢബോധ്യമുള്ളവർ എന്നു പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു.

യഖീന്റെ മൂന്നു പടികളും ഖുർആൻ വിശദീകരിക്കുന്നുണ്ട്:

1. കേട്ടുകേൾവി മുഖേന ലഭ്യമാകുന്ന അറിവ് (ഇൽമുൽ യഖീൻ)

2. അതേകാര്യം നേരിട്ടു കാണുമ്പോഴുള്ള ഉറപ്പായ അറിവ് (ഐനുൽ യഖീൻ)

3. അതനുഭവിച്ചറിയുമ്പോഴുണ്ടാകുന്ന ദൃഢബോധ്യം (ഹഖുൽ യഖീൻ)

ഖുർആൻ വ്യാഖ്യാതാവായ മുതവല്ലി ശഅ്റാവി ഇവയെ ഇങ്ങനെ ഉദാഹരിക്കുന്നു; "ഇന്തോനേഷ്യ സന്ദർശിച്ചുവന്ന ഞാൻ, അവിടെ മത്തങ്ങയുടെ വലുപ്പവും ആപ്പിളിന്റെ മണവും ഓറഞ്ചിന്റെ നിറവും വാഴപ്പഴത്തിന്റെ രുചിയുമുള്ള ഒരു പഴം കണ്ടു എന്ന് എന്റെ വിദ്യാർഥികളോടു പറയുന്നു. ഇതാണ് ഇൽമുൽ യഖീൻ. പിന്നീട് ഞാനതവരുടെ മുമ്പിൽ ഹാജരാക്കുമ്പോൾ, അവർ നേരിട്ടുകാണുമ്പോൾ ഇൽമുൽ യഖീനിൽനിന്ന് അവർ ഐനുൽ യഖീന്റെ തലത്തിലേക്കുയരുന്നു. അതു മുറിച്ച് ഓരോ കഷ്ണം ഞാനാ വിദ്യാർഥികൾക്കു നൽകുന്നു. അങ്ങനെ അവർ ഭക്ഷിക്കുമ്പോൾ, അനുഭവിച്ചറിയുമ്പോൾ ഐനുൽ യഖീനിൽനിന്നും അവർ ഹഖുൽ യഖീന്റെ അവസ്ഥയിലെത്തുന്നു." വിശ്വാസത്തിന് ഇതിനപ്പുറം മറ്റൊരവസ്ഥയില്ല. ഹഖുൽ യഖീനെ കുറിച്ച പരാമർശം നരകാവകാശികളുടെ കാര്യത്തിലാണ് വന്നിട്ടുള്ളത് എന്നത് ശ്രദ്ധേയമാണ്. അതിനു കാരണം, സത്യനിഷേധികൾ സംശയിച്ചും നിഷേധിച്ചും നരകത്തിൽവന്നു വീഴുമ്പോഴേ അവർക്കത് ബോധ്യമാവുകയുള്ളൂ എന്നതിനാലാണെന്ന് ശഅ്റാവി വിശദീകരിക്കുന്നു.

"ഇനി അവൻ വഴിപിഴച്ച സത്യനിഷേധികളിൽപെട്ടവനാണെങ്കിലോ, ചുട്ടുതിളക്കുന്ന വെള്ളം കൊണ്ടുള്ള സൽക്കാരവും നരകത്തിൽ ചുട്ടെരിക്കലുമാണ് അവനുള്ളത്. തീർച്ചയായും ഇതു തന്നെയാണ് ഹഖുൽ യഖീൻ" (*അൽ വാഖിഅ* 90-95). സത്യനിഷേധികൾ സ്വയം തന്നെ ഇതേറ്റു പറയുന്നതായി *അസ്സജദ* അധ്യായത്തിലും കാണാം.

"ഞങ്ങളുടെ റബ്ബേ, ഞങ്ങളിതാ നേരിൽ കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നീ ഞങ്ങളെ തിരിച്ചയക്കേണമേ. എങ്കിൽ ഞങ്ങൾ നല്ലത് പ്രവർത്തിച്ചുകൊള്ളാം. തീർച്ചയായും ഞങ്ങളിപ്പോൾ ദൃഢബോധ്യ(മൂഖിൻ) മുള്ളവരായിരിക്കുന്നു."

പ്രപഞ്ചത്തിലും മനുഷ്യനിൽ തന്നെയുമുള്ള അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ ഖുർആൻ പലയിടത്തും വിശദീകരിക്കുന്നുണ്ട്.

ഇബ്റാഹീം നബി(അ) ദൃഢബോധ്യമുള്ളവരിൽപെട്ടവനാകുവാൻ വേണ്ടിയാണ് ആകാശഭൂമികളുടെ ആധിപത്യസംവിധാനം അല്ലാഹു അദ്ദേഹത്തിനു കാണിച്ചുകൊടുത്തതെന്നും (*അൽ അൻആം* 75) കാണാം.

അധർമത്തിന്റെ സകല ശക്തികളെയും നേരിട്ടുകൊണ്ട് സ്ഥൈര്യത്തോടെ ഇസ്‌ലാമിക പ്രബോധനം നടത്തണമെങ്കിലും അതു വിജയിപ്പിച്ചെടുക്കണമെങ്കിലും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ, അത് എഴുതപ്പെട്ട ഗ്രന്ഥത്തിലായാലും പ്രപഞ്ചത്തിലായാലും, നേരിൽ കണ്ടും അനുഭവിച്ചറിഞ്ഞും ലഭ്യമാകുന്ന ദൃഢബോധ്യത്തിലധിഷ്ഠിതമായ വിശ്വാസം ഉണ്ടാവണമെന്നു ചുരുക്കം. ഇന്നു നാം സാധാരണ വിശ്വാസക്രമത്തിന് ഉപയോഗിക്കുന്ന 'അഖീദ' എന്നപദം ഖുർആൻ പ്രയോഗിച്ചിട്ടില്ല. പകരം 'യഖീൻ' അതിന്റെ വിവിധ രൂപങ്ങളിൽ 28 തവണ വരികയും ചെയ്തിട്ടുണ്ട്. അഖീദയും ഖുർആൻ പറയുന്ന യഖീനും തമ്മിൽ വലിയ അന്തരമുണ്ട്. ഏതെങ്കിലും ആശയത്തോടോ ആദർശത്തോടോ(അതു ശരിയായാലും തെറ്റായാലും) ഉള്ള താൽപര്യമോ ഇഷ്ടമോ ചായ്‌വോ മൂലം ഉളവാകുന്ന വിശ്വാസത്തിനാണ് അഖീദ എന്ന് പറയുന്നത്. ഈ ആശയത്തെയും ആദർശത്തെയും അതിന്റെ സാധുതയോ തെളിവോ നോക്കാതെ, ബുദ്ധിയുപയോഗിച്ച് ശരിയെന്നോ തെറ്റെന്നോ വിവേചിച്ചറിയാതെ അപ്പടി സ്വീകരിക്കുകയും ഒരു പുനർവിചിന്തനത്തിനു സാധ്യതയില്ലാത്തവിധം അതിന്മേൽ ഒരു കെട്ടിടുകയു(ഉഖ്ദത്ത്)മാണ് ചെയ്യുന്നത്. കെട്ടുക എന്നർഥമുള്ള അഖദയിൽനിന്നാണ് ഇതിന്റെ നിഷ്പത്തി. ഇങ്ങനെ വിശ്വസിക്കുന്നവന്റെ കണ്ണും കാതും ഹൃദയവും ബുദ്ധിയും അന്ധമായിപ്പോവുക സ്വാഭാവികം. തന്റെ വിശ്വാസത്തിനു വിരുദ്ധമായിക്കാണുന്ന ഏതു വിശ്വാസത്തോടും അയാൾ പക്ഷപാതിത്വമുള്ളവനായിരിക്കും. ഇത്തരം വിശ്വാസ രീതികളെ ഇസ്‌ലാം അംഗീകരിക്കുന്നില്ല.

പാരമ്പര്യമായി ഓതിപ്പഠിപ്പിക്കുന്ന അഖീദയും ഖുർആൻ ഉൾക്കൊള്ളാൻ ആവശ്യപ്പെടുന്ന യഖീനും തമ്മിലുള്ള വ്യത്യാസം വിദ്യാഭ്യാസ വിചക്ഷണനും ചിന്തകനുമായ ഡോ. മാജിദ് കീലാനി ഇങ്ങനെ വിശദീകരിക്കുന്നു.

1. പ്രപഞ്ചത്തിലും മനുഷ്യനിൽതന്നെയുമുള്ള ദൃഷ്ടാന്തങ്ങളിലും തെളിവുകളിലുമാണ് യഖീൻ നിലകൊള്ളുന്നത്. അഖീദയാവട്ടെ തെളിവുകളുടെ പിൻബലമില്ലാത്തതും പക്ഷപാതത്തിലധിഷ്ഠിതവുമായ പാരമ്പര്യമതവിശ്വാസത്തിലും.

2. യഖീൻ അറിവിന്നും തദനുസൃതമായ പ്രവൃത്തികൾക്കും ഊന്നൽ നൽകുമ്പോൾ, പാരമ്പര്യ മതവിശ്വാസം പൂർവികന്മാരെ അന്ധമായി അനുകരിക്കുന്നതിലും ബാഹ്യമായ ചടങ്ങുകളിലും വേഷഭൂഷകളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

3. യഖീൻ മനുഷ്യന് സമാധാനവും ആശ്വാസവും പ്രദാനം ചെയ്യുന്നു. ശക്തന്മാരുടെ മുമ്പിൽ ധീരതയോടെ നിൽക്കാനും ദുർബലരോട് വിനയവും അനുകമ്പയും കാണിക്കാനും പ്രേരണ നൽകുന്നു. ഭാവിയുടെ വെല്ലുവിളികളെ നേരിടാൻ തലമുറകളെ പ്രാപ്തരാക്കുന്നു. എന്നാൽ പാരമ്പര്യ മതവിശ്വാസമാവട്ടെ, ശക്തന്മാരുടെ മുമ്പിൽ ഭീരുക്കളാകാനും ദുർബലരെയും അർപ്പണ മനസ്കരായ വിശ്വാസികളെയും വേട്ടയാടാനുമാണ് പ്രേരണ നൽകുന്നത്.

4. യഖീൻ ഇസ്‌ലാമിന്റെ യഥാർഥ ചൈതന്യത്തിലും സന്ദേശത്തിലും ജനങ്ങൾക്കിടയിൽ നിർവഹിക്കാനുള്ള ധർമത്തിലും ശ്രദ്ധയൂന്നുമ്പോൾ, അഖീദക്കാർ കൃത്രിമമായ മതചടങ്ങുകളിലും മതത്തിലെ തർക്ക പ്രശ്നങ്ങളിലും മുഴുകി കാലം കഴിക്കുന്നു.

5. യഖീൻ ചിന്താപരമായി ഉയരുവാനും ആത്മവിശ്വാസം വർധിപ്പിക്കാനും നിരന്തര കർമത്തിനും പ്രേരണ നൽകുമ്പോൾ മതപക്ഷപാതത്തിലധിഷ്ഠിതമായ അഖീദ മനുഷ്യരെ ചിന്താപരമായ വന്ധ്യതയിലും മുരടിപ്പിലും കൊണ്ടെത്തിക്കുന്നു.

6. യഖീൻ ആത്മാർഥതയോടെ ഹൃദയത്തിൽ ഏറ്റു വാങ്ങിയവരെ അത് എപ്പോഴും നേരായതു ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ട് ഏറ്റവും യുക്തിബന്ധുരമായ നിലപാടിലേക്ക് (ഹിക്മത്ത്) നയിക്കുന്നു. എന്നാൽ അഖീദ അതിന്റെ വക്താ

ക്കളെ 'ഹമാഖത്തി' (വിഡ്ഢിത്തം) ലേക്കു നയിക്കുകയും അങ്ങനെ അബദ്ധങ്ങളിൽ അവരെ കൊണ്ടുചാടിക്കുകയും ചെയ്യുന്നു.

7. യഖീൻ വൈജ്ഞാനികവും ശാസ്ത്രീയവുമായ പുരോഗതിക്കു പ്രേരിപ്പിച്ച് ഒരു 'ഇസ്‌ലാമിക വൈജ്ഞാനിക ഗേഹം' ലക്ഷ്യംവെക്കുമ്പോൾ, അഖീദ ഇജ്തിഹാദിന്റെ കവാടങ്ങളടച്ചുകൊണ്ട് വൈജ്ഞാനിക പുരോഗതിക്കു തടസ്സം നിൽക്കുകയും ജ്ഞാനികളായിരുന്ന പൂർവിക മഹത്തുക്കളെ വിഗ്രഹവൽക്കരിക്കുകയും അവരുടെ മദ്ഹ് പാടുകയും അവരുടെ ഗ്രന്ഥങ്ങൾക്ക് ടിപ്പണിയും ശറഹുകളും എഴുതുകയും അവയെ സംഗ്രഹിക്കുകയും ചെയ്യുന്നതിൽ സംതൃപ്തിയടയുന്നു.

യഖീനുള്ള ഒരു സമൂഹത്തിനു മാത്രമേ ഇസ്‌ലാം ലക്ഷ്യംവെക്കുന്ന ആദർശ സമൂഹത്തെ (ഖൈറു ഉമ്മത്ത്) സൃഷ്ടിക്കാനാവുകയുള്ളൂ. അടിസ്ഥാന വിശ്വാസ കാര്യങ്ങളായ തൗഹീദ്, ആഖിറത്ത്, രിസാലത്ത് എന്നിവപോലും തെളിവോടുകൂടി ബോധ്യപ്പെട്ടശേഷം സ്വീകരിക്കണമെന്നാണ് അല്ലാഹു ആവശ്യപ്പെടുന്നത്. ഇങ്ങനെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ മനസ്സിലാക്കിയും ഉൾക്കൊണ്ടും ദൃഢബോധ്യം വരുത്തുന്ന വിശ്വാസിക്ക് തന്റെ കാലഘട്ടത്തിലെ ഫറോവയെയും നംറൂദിനെയും അബൂജഹലിനെയും അവർ താങ്ങിനിർത്തുന്ന ജാഹിലിയ്യ വ്യവസ്ഥകളെയും ചങ്കുറപ്പോടെ നേരിടാനാവും. ഇങ്ങനെയുള്ള 'മൂഖിനു'കളെ സൃഷ്ടിക്കലാവണം ഇസ്‌ലാമിന് വേണ്ടി നിലകൊള്ളുന്ന വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മുഖ്യലക്ഷ്യം. ■